# CSB Bank

**CSB Bank Limited** (formerly The Catholic Syrian Bank Ltd.)
Regd. Office: CSB Bhavan, St. Mary's College Road, Thrissur, Kerala 680 020.
Tel: +91 487 2333020 | Email: board@csb.co.in | www.csb.co.in | CIN: U65191KL1920PLC000175

## സി. എസ്. ബി ബാങ്ക് ലിമിറ്റഡിന്റെ 99-ാമത് വാർഷിക പൊതുയോഗം

1. സി.എസ്.ബി ബാങ്ക് ലിമിറ്റഡിന്റെ 99-ാമത് വാർഷിക പൊതുയോഗം 2020 ജൂലൈ 20-ാം തീയ്യതി ഇന്ത്യൻ സമയം രാവിലെ 11 ന് കമ്പനീസ് ആക്ട് 2013, കമ്പനികാര്യ മന്ത്രാലയം പുറപ്പെടുവിച്ച 2020 ഏപ്രിൽ 8-ാം തീയ്യതിയിലെ ജനറൽ സർക്കുലർ 14/2020, ഏപ്രിൽ 13- ാം തീയ്യതിയിലെ ജനറൽ സർക്കുലർ 17/2020, മെയ് 5-ാം തീയതിയിലെ ജനറൽ സർക്കുലർ 20/2020, കേന്ദ്രസർക്കാർ, കമ്പനികാര്യ മന്ത്രാലയം, സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ളതും മറ്റു ബാധകമായിട്ടുള്ള നിയമങ്ങൾ, സർക്കുലറുകൾ എന്നിവയ്ക്ക് അനുസൃതമായി വീഡിയോ കോൺഫറൻസിംഗ് (VC)/ മറ്റു ശബ്ദ ദൃശ്യ സംവിധാനങ്ങൾ (OAVM) വഴി നടത്തുന്നതാണ് എന്ന് ഓഹരിയുടമകളെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

2. മേൽപറഞ്ഞ സർക്കുലറുകൾ പാലിച്ചുകൊണ്ട് 2019- 2020 സാമ്പത്തിക വർഷത്തിലെ വാർഷിക റിപ്പോർട്ടിന്റേയും വാർഷിക പൊതുയോഗം നോട്ടീസിന്റേയും ഇലക്ട്രോണിക് പകർപ്പുകൾ ഇ-മെയിൽ വിലാസം ബാങ്കിലോ ഡിപ്പോസിറ്ററി പാർട്ടിസിപ്പന്റ് പക്കലോ രജിസ്റ്റർ ചെയ്തിട്ടുള്ള ഓഹരി ഉടമകൾക്ക് ഇ-മെയിൽ വഴി അയക്കുന്നതാണ്. ഓഹരികൾ ഡീമാറ്റ് ആയി കൈവശം വയ്ക്കുന്ന ഓഹരി ഉടമകൾ അവരവരുടെ ഇ-മെയിൽ വിലാസം മൊബൈൽ നമ്പർ എന്നിവ ഡിപ്പോസിറ്ററി പാർട്ടിസിപ്പന്റ് മുഖാന്തിരം അതതു ഡിപ്പോസിറ്ററികൾ സമക്ഷം രജിസ്റ്റർ ചെയ്തിട്ടില്ലാത്ത പക്ഷം അപ്രകാരം രജിസ്റ്റർ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ഓഹരികൾ കടലാസ് രൂപത്തിൽ കൈവശം വെയ്ക്കുന്ന ഓഹരി ഉടമകൾ അവരവരുടെ ഇ-മെയിൽ വിലാസം, മൊബൈൽ നമ്പർ എന്നിവ രജിസ്റ്റർ ചെയ്തിട്ടില്ലാത്തപക്ഷം ബാങ്കിന്റെ രജിസ്ട്രാർ ആൻഡ് ഷെയർ ട്രാൻസ്ഫർ ഏജന്റായ SKDC കൺസൾട്ടന്റ്സ് ലിമിറ്റഡ് സമക്ഷം info@skdc-consultants.com എന്ന വിലാസത്തിൽ അവരവരുടെ ഇ-മെയിൽ വിലാസം, മൊബൈൽ നമ്പർ എന്നിവ രജിസ്റ്റർ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ആയതുപ്രകാരം രജിസ്റ്റർ ചെയ്ത ഓഹരിയുടമകൾക്ക് വാർഷിക പൊതുയോഗത്തിലെ നയകാര്യങ്ങളിൻമേൽ വോട്ട് രേഖപ്പെടുത്താവുന്നതാണ്.

3. 99-ാമത് വാർഷിക പൊതുയോഗം നോട്ടീസ്, 2019-20 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ട് എന്നിവ ബാങ്കിന്റെ വെബ്സൈറ്റായ https://www.csb.co.in ലെ " Investor Relations" വിഭാഗത്തിലും സ്റ്റോക്ക് എക്സ്ചേഞ്ചുകളായ BSE ലിമിറ്റഡിന്റെ വെബ്സൈറ്റായ https://www.bseindia.com ലും നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് ഓഫ് ഇന്ത്യ ലിമിറ്റഡിന്റെ വെബ്സൈറ്റായ https://www.nseindia.comലും NSDL ന്റെ വെബ്സൈറ്റായ https://www.evoting.nsdl.com ലും ലഭ്യമാക്കുന്നതാണ്.

4. വാർഷിക പൊതുയോഗം നോട്ടീസിൽ പ്രസ്താവിച്ചിട്ടുള്ള നയകാര്യങ്ങളെ സംബന്ധിച്ച് ഓഹരി ഉടമകൾക്ക് അവരുടെ വോട്ട് - വിദൂര/ ഇ-വോട്ടിംഗ് സംവിധാനത്തിലൂടെ രേഖപ്പെടുത്താനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്. ഡീമാറ്റ് ഓഹരികൾ, ഇ-മെയിൽ വിലാസം രജിസ്റ്റർ ചെയ്തിട്ടില്ലാത്ത കടലാസ് ഓഹരികൾ എന്നിവ കൈവശമുള്ള ഓഹരിയുടമകൾ വിദൂര/ ഇ-വോട്ടിംഗ് സംവിധാനത്തിലൂടെ വോട്ട് രേഖപ്പെടുത്തേണ്ട വിധം ഓഹരിയുടമകൾക്കുള്ള മേപ്പടി നോട്ടീസിൽ പ്രതിപാദിക്കുന്നതാണ്. ആയതിന്റെ വിശദവിവരങ്ങൾ ബാങ്കിന്റെ വെബ്സൈറ്റിലും ലഭ്യമാക്കുന്നതാണ്. ആയതിനായി ഓഹരിയുടമകൾ ബാങ്കിന്റെ വെബ്സൈറ്റായ https://www.csb.co.in സന്ദർശിക്കുവാൻ അഭ്യർത്ഥിക്കുന്നു.

5. 99-ാമത് വാർഷിക പൊതുയോഗ നോട്ടീസ് ഓഹരിയുടമകൾക്ക് അക്കാര്യത്തിൽ ബാധകമായിട്ടുള്ള നിയമങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഇ-മെയിൽ വിലാസത്തിൽ ക്രമേണ അയക്കുന്നതാണ്.

6. **മേൽപറഞ്ഞ സർക്കുലറുകൾ പ്രകാരം ഓഹരിയുടമകൾക്ക് വാർഷിക പൊതുയോഗ നോട്ടീസ്, വാർഷിക റിപ്പോർട്ട് എന്നിവയുടെ പകർപ്പ് തപാലിൽ അയയ്ക്കുന്നതല്ലെന്നും ഇതിനാൽ അറിയിച്ചു കൊള്ളുന്നു.**

**സി.എസ്.ബി ബാങ്കിന് വേണ്ടി**
**ഒപ്പ്**
**സിജോ വർഗ്ഗീസ്**
**കമ്പനി സെക്രട്ടറി**

**തൃശ്ശൂർ**
**ജൂൺ 19, 2020**

21 X 3